**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4148** **17-03-2025 - ൽ മറുപടിയ്ക്ക്**

**പഞ്ചായത്ത് തലത്തിലെ ഇ-സേവനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | പഞ്ചായത്ത് തലത്തിലെ ഇ-സേവനങ്ങളെ കുറിച്ച് ഓരോ കുടുംബത്തിലും ഡിജിറ്റൽ സാക്ഷരത കൈവരിക്കുന്നതിന് വേണ്ടി പ്രത്യേകം പദ്ധതി നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇങ്ങനെയൊരു പദ്ധതി പ്രാബല്യത്തിൽ വരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കുമോ; | (എ) | ഗ്രാമപഞ്ചായത്തുകളെ സമ്പൂർണ ഡിജിറ്റൽ സാക്ഷരത പഞ്ചായത്തുകളാക്കി മാറ്റുന്നതിനും, സമൂഹത്തിലെ എല്ലാ മേഖലയിലുമുള്ള ജനങ്ങൾക്കും അടിസ്ഥാന ഡിജിറ്റൽ സാക്ഷരത ലഭ്യമാക്കി, വിവരസാങ്കേതിക വിദ്യയുടെ ഗുണങ്ങൾ അവരിലേക്ക് ഫലപ്രദമായി വ്യാപിപ്പിച്ച് അവരുടെ ശാക്തീകരണം ഉറപ്പാക്കുകയും സർക്കാർ നൽകുന്ന ദൈനംദിന സേവനങ്ങൾ എളുപ്പത്തിൽ ഉപയോഗിക്കുന്നതിനും, വികസന പദ്ധതികളിൽ പങ്കാളികൾ ആയി അതിന്റെ ഫലങ്ങൾ അനുഭവവേദ്യമാക്കുന്നതിനും "ഡിജി കേരളം- സമ്പൂർണ ഡിജിറ്റൽ സാക്ഷരത പദ്ധതി " എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | നിലവിൽ കെട്ടിട നികുതി അടച്ച രസീത് നഷ്ടപ്പെട്ടാൽ ആയതിന്റെ പകർപ്പ് നൽകുന്നതിന് പഞ്ചായത്ത് സെക്രട്ടറിക്ക് മാത്രമേ സാധിക്കുന്നുള്ളൂ എന്നതുകൊണ്ട് അത്യാവശ്യക്കാർ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ? | (ബി) | വസ്തു നികുതി അടച്ച രസീത് നഷ്ടപ്പെട്ടാൽ ആയതിന്റെ പകർപ്പ് നൽകുന്നതിന് പഞ്ചായത്ത് സെക്രട്ടറിക്ക് മാത്രമേ സാധിക്കുന്നുള്ളു എന്നതുകൊണ്ട് അത്യാവശ്യക്കാർ ബുദ്ധിമുട്ടുകൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വസ്തു നികുതിരസീത് നഷ്ടപ്പെട്ടാൽ ഗ്രാമപഞ്ചായത്തിൽ അപേക്ഷ നൽകി, ILGMS സോഫ്റ്റ് വെയറിൽ സെക്രട്ടറിയുടെ അംഗീകാരത്തോടെ രസീത് പകർപ്പ് അനുവദിക്കുന്നതിനുള്ള ക്രമീകരണം നിലവിലുണ്ട്. നഗരസഭകളിലും കോർപ്പറേഷനുകളിലും കെ-സ്മാർട്ട് സോഫ്റ്റ് വെയറിലെ സിറ്റിസൺ ലോഗിനിൽ നിന്നും തുക അടവാക്കിയ രസീതിന്റെ പകർപ്പ് എത്ര തവണ വേണമെങ്കിലും ഡൗൺലോഡ് ചെയ്യാവുന്നതാണ്. സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ ഏപ്രിൽ 2025 മുതൽ കെ-സ്മാർട്ട് നടപ്പിലാക്കുന്നതിനാൽ പ്രസ്തുത സൗകര്യം ഗ്രാമപഞ്ചായത്തുകളിലും ഏപ്രിൽ 2025 മുതൽ ലഭ്യമാകുന്നതാണ് . |

സെക്ഷൻ ഓഫീസർ